KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg തിയ്യതി : 24.04.2026

**സർക്കുലർ നമ്പർ 24/2026 (BD)**

വിഷയം: 2026-27 സാമ്പത്തിക വർഷത്തിൽ മേഖലാ ഓഫീസുകൾക്കും ശാഖകൾക്കും പരസ്യ ഇനത്തിൽ ചെലവഴിക്കാവുന്ന തുക സംബന്ധിച്ച്.

സൂചന : 01.04.2026 ലെ 22/2026 (BD) നമ്പർ സർക്കുലർ

വിവിധങ്ങളായ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ നൽകിയ മികച്ചതും ആകർഷകവുമായ പരസ്യപ്രചാരണങ്ങൾ ഏറെ സഹായകരമായി വർത്തിച്ചതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹാർമണി ചിറ്റ്സ് ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യങ്ങൾ മറികടന്ന് നല്ല നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ബ്രാന്റ് എന്ന നിലയിലുള്ള കെ.എസ്.എഫ്.ഇ.യുടെ പ്രതിച്ഛായയും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ കെ.എസ്.എഫ്.ഇ എംപവർ ചിറ്റ്സിന്റെയും മറ്റ് പദ്ധതികളുടെയും ബിസിനസ്സ് ലക്ഷ്യം കൈവരിക്കുന്നതിന് കോർപ്പറേറ്റ് തലത്തിൽ പരസ്യങ്ങൾ കേന്ദ്രീകൃതമായി നൽകുന്നതോടൊപ്പം ശാഖാതലത്തിലും മേഖലാതലത്തിലും പരസ്യ പ്രചാരണങ്ങൾ ചെയ്യേണ്ടതുണ്ട്. പരസ്യ പ്രചാരണത്തിനായി പരമ്പരാഗത മാർഗ്ഗങ്ങളും ഡിജിറ്റൽ മാർക്കറ്റിംഗും (60% വരെ തുക ചെലവാക്കാവുന്നതാണ്) മറ്റും സമന്വയിപ്പിച്ച് കൊണ്ടുള്ള രീതി ശാഖകളും മേഖലകളും അവലംബിക്കേണ്ടതാണ്. ശാഖകൾക്കും മേഖലകൾക്കും 2026-27 സാമ്പത്തിക വർഷം പരസ്യ പ്രചാരണ ഇനത്തിൽ ചെലവഴിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**ചിട്ടികൾ/ വായ്പകൾ/ നിക്ഷേപങ്ങൾ എന്നിവയുടെ പരസ്യ ഇനത്തിൽ ശാഖകൾക്ക് ചെലവഴിക്കാവുന്ന തുക.**

| **ശാഖയുടെ വാർഷിക ചിട്ടി ലക്ഷ്യം** | 30 കോടി രൂപയ്ക്ക് താഴെ | 30 കോടി രൂപ മുതൽ 50 കോടി രൂപയ്ക്ക് താഴെ | 50 കോടി രൂപ മുതൽ 100 കോടി രൂപയ്ക്ക് താഴെ | 100 കോടി രൂപ മുതൽ 200 കോടി രൂപയ്ക്ക് താഴെ | 200 കോടി രൂപ മുതൽ മുകളിലേയ്ക്ക് |
|---|---|---|---|---|---|
| **പരസ്യ പ്രചാരണത്തിന് ചെലവഴിക്കാവുന്ന തുക** | 50000 രൂപ | 90000 രൂപ | 115000 രൂപ | 140000 രൂപ | 150000 രൂപ |

**ചിട്ടികൾ/ വായ്പകൾ/നിക്ഷേപങ്ങൾ എന്നിവയുടെ പരസ്യ ഇനത്തിൽ മേഖലാ ഓഫീസുകൾക്ക് ചെലവഴിക്കാവുന്ന തുക**

| **ക്രമ നമ്പർ** | **മേഖല** | **പരസ്യത്തിനുള്ള തുക** (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം അർബൻ | 425000 |
| 2 | തൃശ്ശൂർ | 425000 |
| 3 | ആലപ്പുഴ | 425000 |
| 4 | കോട്ടയം | 425000 |
| 5 | കണ്ണൂർ | 425000 |
| 6 | കൊല്ലം അർബൻ | 400000 |
| 7 | എറണാകുളം അർബൻ | 400000 |

| | | |
|---|---|---|
| 8 | കോഴിക്കോട് അർബൻ | 400000 |
| 9 | മലപ്പുറം | 400000 |
| 10 | പാലക്കാട് | 400000 |
| 11 | തിരുവനന്തപുരം റൂറൽ | 400000 |
| 12 | എറണാകുളം റൂറൽ | 400000 |
| 13 | പത്തനംതിട്ട | 375000 |
| 14 | കൊല്ലം റൂറൽ | 375000 |
| 15 | കോഴിക്കോട് റൂറൽ | 375000 |
| 16 | കട്ടപ്പന | 375000 |

ശാഖകൾക്കും മേഖലകൾക്കും ഈ സാമ്പത്തിക വർഷം പരസ്യത്തിനായി ചെലവഴിക്കാവുന്ന പരമാവധി തുകയാണ് മുകളിൽ നൽകിയിട്ടുള്ളത്. അനുവദിച്ചതിനേക്കാൾ അധിക തുക ശാഖകൾക്ക് ആവശ്യമായി വന്നാൽ ആയതിന്റെ വിശദാംശങ്ങൾ മേഖലാ ഓഫീസിലേയ്ക്ക് നൽകി മുൻകൂർ അനുമതിയോടെ മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ മേഖലാ ഓഫീസുകൾ ആവശ്യമായ പരിശോധനകൾ നടത്തി യുക്തിസഹമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. എല്ലാ ഓഫീസുകളും പരസ്യ പ്രചാരണ ചെലവുകളുടെ ബില്ലുകളും വൗച്ചറുകളും പ്രത്യേകം ഫയൽ ചെയ്യേണ്ടതും ആയത് IAD പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.

2026-27 സാമ്പത്തിക വർഷത്തെ വിവിധ ക്യാമ്പയിനുകളും ബിസിനസ്സ് പദ്ധതികളും എല്ലാ വിഭാഗം ഇടപാടുകാരും അറിയും വിധത്തിൽ അനുയോജ്യമായ പരസ്യ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*



**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:**എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ് കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ